എം. എൽ. എ. ഫണ്ടിൽനിന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ നൽകുന്നതിന് നടപടി

14 [3876] *ശ്രീ. സാജു പോൾ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. ഫണ്ടിൽനിന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങളും നടപടി ക്രമങ്ങളും എന്തൊക്കെയാണ്.

(ബി) എൻ. ഐ. സി. (നാഷണൽ ഇൻഫോർമെറ്റിക് സെന്റർ) വഴിയുള്ള കമ്പ്യൂട്ടർ വിതരണം കൂടിയ വിലയ്ക്കാണെന്നതിനാൽ നിലവാരമുള്ള കമ്പനികളിൽ നിന്ന് എം. എൽ. എ.മാർ നിർദ്ദേശിക്കുന്ന പ്രകാരം നേരിട്ട് വാങ്ങി നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) കമ്പ്യൂട്ടറിനോടൊപ്പം ലാബ് ഉപകരണങ്ങൾ കൂടി സ്കൂളുകൾക്ക് നൽകാൻ അനുവാദം നൽകുമോ?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എം. എൽ. എ. ഫണ്ടിൽനിന്നും കമ്പ്യൂട്ടറുകൾ നൽകാറുണ്ട്. എം. എൽ. എ.മാർ ഇതിനാവശ്യമായ ശുപാർശ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് നൽകിയാൽ മതി. സാധാരണ സാമ്പത്തിക നടപടിക്രമങ്ങൾ എം. എൽ. എ. ഫണ്ടിൻ കീഴിലുള്ള പദ്ധതികൾക്കും ബാധകമാണ്.

(ബി) സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ കമ്പ്യൂട്ടറുകൾ വാങ്ങാൻ കഴിയുകയുള്ളൂ.

(സി) പരിഗണിക്കാനാവില്ല.

എം. എൽ. എ. ഫണ്ട് ചെലവഴിക്കുന്നതിനുള്ള അനുമതി

15 [3877] *ശ്രീ. കെ. വി. കുഞ്ഞിരാമൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന കാസർഗോഡ് ജില്ലാ ആശുപത്രിയുടെ ഭൗതീക സാഹചര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ജില്ലയിലെ എം. എൽ. എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക ചെലവഴിക്കുന്നതിന് അനുമതിക്കായി കാസർഗോഡ് ജില്ലാ കലക്ടർ നൽകിയ ശുപാർശയിൻമേൽ ധനകാര്യ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ജില്ലയിലെ പൊതു ആവശ്യങ്ങൾക്ക് എം. എൽ. എ. ഫണ്ട് ഉപയോഗിക്കുന്നതിന് നിലവിൽ വല്ല തടസ്സവുമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ തടസ്സം നീക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) എം. എൽ. എ.മാർ ആരും ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ല.

(ബി) നിയോജക മണ്ഡലപ്രകാരമാണ് എം. എൽ. എ. വികസന ഫണ്ട് അനുവദിക്കുന്നത്. സാധാരണഗതിയിൽ ഒരു നിയോജകമണ്ഡലത്തിന്റെ പരിധിക്കു പുറത്തുള്ള പദ്ധതികൾക്ക് ആ നിയോജകമണ്ഡലത്തിന്റെ വികസനഫണ്ട് വിനിയോഗിക്കുന്നത് അനുവദനീയമല്ല.

(സി) എം. എൽ. എ.മാർ അഭ്യർത്ഥിച്ചാൽ അപ്പോൾ പരിഗണിക്കും.

ഡി. എ.-മാർക്ക് എഫ്. എ.മരായി പ്രമോഷൻ നൽകാൻ നടപടി

16 [3878] *ശ്രീ. ഷിബു ബേബി ജോൺ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിൽ ഉള്ളവരെ സ്ഥലം മാറ്റുന്നത് മാനദണ്ഡം അനുസരിച്ചാണോ;

(ബി) G.O (P P & ARD. 12-9-2004 അനുസരിച്ച് 3 വർഷം ഒരേ സ്റ്റേഷനിൽ സേവനം പൂർത്തിയാക്കിയ ഡി. എ.-മാരെ സ്ഥലം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഒരേ സ്റ്റേഷനിലെ വിവിധ ഓഫീസുകളിൽ 6-ഉം 8-ഉം 10-ഉം വർഷമായി തുടരുന്ന ഡി. എ. മാരെ അടിയന്തിരമായി സ്ഥലം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാന സർവ്വീസിൽ സീനിയർ പോസ്റ്റ് ആയിട്ടുള്ള ഡി. എ.മാരെ എഫ്. എ.മാരായി പ്രമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) പരിഗണിക്കാവുന്നതാണ്.

(സി) കെ. ജി. എസ്.-ന് കീഴിലുള്ള ഡി. എ.മാർ ആരും തന്നെ 4 വർഷത്തിൽ അധികമായി ഒരു ഓഫീസിലും തുടരുന്നില്ല.

(ഡി) സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly